പിണ്ടിക്കയം, ചാത്തമറ്റം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം

39 [3626] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പിണ്ടിക്കയം, ചാത്തമറ്റം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്നാണ് വർക്ക് എഗ്രിമെന്റ് വച്ചിട്ടുള്ളതെന്നും എന്നാണ് പണി ആരംഭിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ചെറിയ വർക്കുകൾപോലും ഇത്ര മാത്രം കാലതാമസം ഉണ്ടാക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതികൾ എന്നേക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ പിണ്ടിക്കയം എൽ. ഐ. സ്കീമിന്റെ സിവിൽ വിഭാഗം ജോലികൾ 23-12-1989-ൽ പൂർത്തിയായിയിട്ടുള്ളതാണ്. ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിനായി 2001 മാർച്ചിൽ ഒ.വൈ.ഇ.സി. അടച്ചിട്ടുണ്ടെങ്കിലും ഇതുവരെ കണക്ഷൻ ലഭിച്ചിട്ടില്ല. ഈ പദ്ധതിക്ക് ഉടൻതന്നെ വൈദ്യുതി കണക്ഷൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ചാത്തമറ്റം എൽ.ഐ. സ്കീം പണി പൂർത്തിയായിട്ടുള്ളതാണ്. സക്ഷൻപിറ്റിൽ വേണ്ടത്ര വെള്ളം ലഭ്യമല്ലാതെ വന്നതിനാൽ പദ്ധതി ശരിയാംവണ്ണം പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സക്ഷൻപിറ്റിൽ ആവശ്യത്തിനു വെള്ളം ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടറുടെ 2004-ലെ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽപ്പെടുത്തി ഒരു താൽക്കാലിക തടയണയുടെ നിർമ്മാണ ജോലി ഏറ്റെടുത്തിട്ടുണ്ട്.

(ബി) പിണ്ടിക്കയം എൽ.ഐ. പദ്ധതി 12-12-1983-ൽ എഗ്രിമെന്റ് വച്ച് 6-1-1984-ൽ പണികൾ ആരംഭിച്ചതാണ്. ചാത്തമറ്റം എൽ. ഐ. സ്കീം 2-12-1988-ൽ എഗ്രിമെന്റ് വച്ച് 15-12-1988-ൽ പണികൾ ആരംഭിച്ചിട്ടുള്ളതാണ്.

(സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതിന്റെ പ്രധാന കാരണം വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കാര്യത്തിലാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലം യഥാസമയം വൈദ്യുതി കണക്ഷൻ ആവശ്യമായ ഒ.വൈ.ഇ.സി. അടയ്ക്കാൻ കഴിയാറില്ല.

(ഡി) പിണ്ടിക്കയം എൽ.ഐ. സ്കീം മൂന്നു മാസത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ കിട്ടി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചാത്തമറ്റം എൽ. ഐ. സ്കീമിനോടനുബന്ധിച്ച് നിർമ്മിക്കുന്ന താൽക്കാലിക തടയണ പൂർത്തിയാക്കുന്നതോടെ പദ്ധതി സുഗമമായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly